**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 569** **11-06-2024 - ൽ മറുപടിയ്ക്ക്**

**കായപ്പനച്ചി–കുന്നുംചിര–എടച്ചേരി (പുതിയങ്ങാടി) റോഡിന് ഭരണാനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | നാദാപുരം മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തിയായ കായപ്പനച്ചി–കുന്നുംചിര–എടച്ചേരി (പുതിയങ്ങാടി) റോഡിന്റെ ഭരണാനുമതി വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | നാദാപുരം മണ്ഡലത്തിൽ കിഫ്ബി വഴി പ്രഖ്യാപിച്ച്, 10.07.2017-ലെ സ.ഉ (സാധാ) നം. 942/2017/ പി.ഡബ്ല്യൂ.ഡി നമ്പർ ഉത്തരവ് പ്രകാരം 20 കോടി രൂപയ്ക്ക് തത്ത്വത്തിൽ ഭരണാനുമതി നൽകിയിരുന്ന "കയപ്പനച്ചി ചുണ്ടയിൽ പുതിയങ്ങാടി റോഡ്" എന്ന പ്രവൃത്തി "കായപ്പനച്ചി – കുന്നുംചിര - എടച്ചേരി (പുതിയങ്ങാടി) റോഡ്" എന്ന് പുനർനാമകരണം ചെയ്തു കൊണ്ട് 16.04.2022-ലെ സ.ഉ (സാധാ) നം. 449/2022/ പി.ഡബ്ല്യൂ.ഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ KRFB-ക്ക് കിഫ്ബിയിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് KRFB പൊതുമരാമത്ത് ഡിസൈൻ വിംഗിന് നൽകിയിട്ടുണ്ട്. ഡിസൈൻ വിങ്ങിൽ നിന്നും DPR തയ്യാറാക്കുന്നതിലേക്കായി അധിക വിവരങ്ങൾ ആവശ്യപ്പെടുകയും, ഇതിനായി അധിക ഇൻവെസ്റ്റിഗേഷൻ ചെയ്യുന്നതിനായി കോഴിക്കോട് റീജണൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റിലേക്ക് 26/09/2023-ൽ ഡിസൈൻ വിങ്ങിൽ നിന്നും കത്ത് നൽകുകയും ചെയ്തിരുന്നു. നിലവിൽ കോഴിക്കോട് RIQC വിങ്ങിൽ ഇൻവെസ്റ്റിഗേഷൻ വിവരങ്ങൾ തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. |
| (ബി) | പ്രസ്തുത റോഡിന് ഭരണാനുമതി നൽകുന്നതിന് ധനകാര്യ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (ബി) | നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നിർവ്വഹണ ഏജൻസി DPR കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി കിഫ്ബി ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ധനാനുമതി |

| | | | |
|---|---|---|---|
| | | | നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ